# <u>കരാർ ഉടമ്പടി</u>

## (200 രൂപ മുദ്രപ്പത്രത്തിൽ)

രണ്ടായിരത്തി ഇരുപത്തിയഞ്ചാമാണ്ട് ................................ മാസം ................ തീയതി ........................... ജില്ലയിൽ................... താലൂക്കിൽ ....................................... വില്ലേജിൽ ........................... വീട്ടിൽ ............................... മകൻ/മകൾ .......................കേരള ഗവർണ്ണർക്കുവേണ്ടി കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടർ മുമ്പാകെ ഒപ്പുവക്കുന്ന കരാർ ഉടമ്പടി. **25.10.16-ലെ സർക്കാർ ഉത്തരവ് (സാധാ) നം. 84/2016/പി.സ.വി.വ പ്രകാരവും, 12.12.2024 ലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ BCDIR/944/2024(1)-B2 നമ്പർ വിജ്ഞാപന പ്രകാരവും, പിന്നാക്ക വിഭാഗ വികസന വകുപ്പ് മേഖലാ ഡെപ്യൂട്ടി ഡയറക്ടറുടെ ............................ തീയതിയിലെ ................................. നമ്പർ നടപടി ഉത്തരവ്/അറിയിപ്പ് പ്രകാരവും** പരമ്പരാഗത കരകൗശല വിദഗ്ദർക്ക് പണിയായുധങ്ങൾക്ക് ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട ഞാൻ ചുവടെ രേഖപ്പെടുത്തുന്ന വ്യവസ്ഥകൾക്ക് വിധേയമായി **10,000/-** രൂപ ആദ്യഗഡുവായി പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നും ബാങ്ക് അക്കൗണ്ട് മുഖേന സ്വീകരിക്കുന്നു.

## <u>വ്യവസ്ഥകൾ</u>

1) സർക്കാരിൽ നിന്ന് അനുവദിക്കുന്ന തുക പൂർണ്ണമായും തൊഴിലിനനുസൃതമായ പണിയായുധങ്ങൾ/ടൂൾ കിറ്റ് വാങ്ങുന്നതിന് മാത്രമേ ചെലവഴിക്കാവൂ എന്ന വ്യവസ്ഥ ബോധ്യമുള്ളതാകുന്നു.
2) ബാങ്ക് അക്കൗണ്ടിൽ സർക്കാരിൽ നിന്ന് ലഭ്യമാകുന്ന ആദ്യഗഡു തുക വിനിയോഗിച്ച് ക്വട്ടേഷൻ പ്രകാരമുള്ള തുകയ്ക്കുള്ള പണിയായുധങ്ങൾ/ടൂൾ കിറ്റ് വാങ്ങി ബില്ലുകളും മറ്റ് രേഖകളും 30 ദിവസത്തിനകം പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഹാജരാക്കുന്നതാണ്.
3) ആദ്യഗഡു തുക വിനിയോഗിച്ച് ക്വട്ടേഷൻ പ്രകാരമുള്ള പണിയായുധങ്ങൾ വാങ്ങി ബില്ലുകളും (GSTപ്രകാരമുള്ള) മറ്റു രേഖകളും ഹാജരാക്കിയതിനുശേഷം ആയതിന്റെ യാഥാർത്ഥ്യം ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ രണ്ടാം ഗഡു തുകയ്ക്ക് അർഹതയുണ്ടാകുകയുള്ളൂ എന്നും, ബില്ല് പ്രകാരമുള്ള തുകയോ, 20,000/- രൂപയോ ഏതാണോ കുറവ് അതിൽ നിന്നും ഒന്നാംഗഡു തുകയായ 10,000/- രൂപ കിഴിച്ചുള്ള തുക മാത്രമേ രണ്ടാം ഗഡുവായി ലഭ്യമാവുകയുള്ളൂ എന്നും എനിക്ക് ബോധ്യമുണ്ട്.

4) പിന്നാക്ക വിഭാഗ വികസന വകുപ്പ് നിഷ്കർഷിച്ച പ്രകാരം നിലവാരമുള്ള കമ്പനികളുടെ, ഗുണനിലവാരമുള്ള പണിയായുധങ്ങൾ/ടൂൾ കിറ്റ് വാങ്ങുന്നതാണ്. ആനുകൂല്യ തുക പ്രവർത്തന മൂലധനമായി വിനിയോഗിക്കുന്നതല്ല.

5) നിശ്ചിത സമയ പരിധിക്കുള്ളിൽ കരാർ പ്രകാരമുള്ള വ്യവസ്ഥകൾക്ക് വിധേയമായി പണിയായുധങ്ങൾ/ടൂൾ കിറ്റ് വാങ്ങി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ബന്ധപ്പെട്ട രേഖകൾ/ബില്ലുകൾ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ ഹാജരാകാത്തപക്ഷം പറ്റുന്ന ആനുകൂല്യ തുക സർക്കാർ കാലാകാലങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നിശ്ചയിക്കുന്ന പിഴപലിശ സഹിതം സർക്കാരിലേക്ക് ഒടുക്കുന്നതാണെന്നും അല്ലാത്തപക്ഷം എന്റെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നും റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിൽ എതിർപ്പില്ലായെന്നും സമ്മതിച്ചിരിക്കുന്നു.

6) എനിക്കോ എന്റെ കുടുംബാംഗങ്ങൾക്കോ പിന്നാക്ക വിഭാഗ വികസന വകുപ്പിൽ നിന്നോ, KADCO/ഇതര സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ നാളിതുവരെ ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭ്യമായിട്ടില്ല എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

7) ഇതേ പദ്ധതി പ്രകാരം മുമ്പ് തുക ലഭ്യമായ വിവരം മറച്ചു വച്ച് വീണ്ടും തുക കൈപ്പറ്റിയതായോ, ഞാൻ സമർപ്പിച്ച രേഖകൾ ഏതെങ്കിലും വ്യാജമാണെന്ന് തെളിയുകയോ ചെയ്യുന്ന പക്ഷം കൈപ്പറ്റിയ തുക സർക്കാർ നിശ്ചയിക്കുന്ന പിഴ സഹിതം തിരികെ ഈടാക്കുന്നതാണ് എന്ന വിവരം എനിക്ക് ബോധ്യമുണ്ട്.

താഴെ പറയുന്ന സാക്ഷികളുടെ സാന്നിധ്യത്തിൽ, മുകളിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ സമ്മതിച്ച് ഈ ധാരണാപത്രത്തിൽ .......... വർഷം .............. മാസം .............. തീയതി ഒപ്പിട്ടു പൂർത്തീകരിച്ചിട്ടുള്ളതാകുന്നു.

**ഗുണഭോക്താവ് :**
**(പേരും ഒപ്പും)**

**ഡെപ്യൂട്ടി ഡയറക്ടർ :**
**(പേരും ഒപ്പും)**

<u>സാക്ഷികൾ</u>

| പേര് | മേൽവിലാസം | ഒപ്പ് |
|---|---|---|
| 1) | | |
| 2) | | |